പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6708 04/04/2018-ൽ മറുപടിക്ക്

## ഭാഷാദ്ധ്യാപക തസ്തിക: സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് നടപടി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എൻ. എ നെല്ലിക്കുന്ന്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളിലെ 2016-17 വർഷത്തെ പാർട്ട് ടൈം ഭാഷാദ്ധ്യാപക തസ്തികയ്ക്ക് 2017-18 വർഷം പീരിയഡുകൾ കൂട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) വർദ്ധിപ്പിച്ചിട്ടില്ല. |
| (ബി) എങ്കിൽ ഈ തസ്തിക ഫുൾടൈം തസ്തികയായി മാറിയോ എന്ന് വ്യക്തമാക്കാമോ; | (ബി) അറബിക്, സംസ്കൃതം, ഉർദു, ഹിന്ദി തുടങ്ങിയ ഭാഷാവിഷയങ്ങൾക്ക് 4 മുതൽ 14 പീരിഡുകൾക്കും മലയാളം, തമിഴ്, കന്നട തുടങ്ങിയ വിഷയങ്ങൾക്ക് 5 മുതൽ 14 വരെ പീരിഡുകൾക്കും ഒരു പാർട്-ടൈം തസ്തികയാണ് അനുവദിക്കുന്നത്. 14-ൽ കൂടുതൽ പീരിഡുകൾ ലഭ്യമാണെങ്കിൽ തസ്തിക ഫുൾടൈമാകും. ഈ വ്യവസ്ഥ 2016- 17 ന് മുമ്പും അതിനുശേഷവും തുടരുന്നതാണ്. |
| (സി) 1979 ന് മുമ്പ് പ്രസ്തുത തസ്തികയുള്ള സ്കൂളിൽ വേറെ ഭാഷാദ്ധ്യാപക തസ്തിക ഇല്ലാത്ത സ്ഥിതിക്ക് ഈ പ്രമോഷൻ തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) പുതുതായുണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ പാർട് ടൈം ഭാഷാദ്ധ്യാപക തസ്തികയിൽ തുടരുന്ന അദ്ധ്യാപകന് പീരിഡിലെ വർദ്ധനവ് മൂലം ഫുൾടൈം തസ്തികയ്ക്ക് അർഹത ലഭിച്ചാൽ പ്രസ്തുത ഫുൾടൈം തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതില്ല. |
| (ഡി) ഇത് സംബന്ധിച്ച് സർക്കാർ ഒരു സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?. | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ